# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1426 | 02.07.2015- ലെ മറുപടിക്ക്

### മിഷൻ 676 വഴി നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പുമന്ത്രി) |
| (എ) മിഷൻ 676 ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ-നിരീക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) മിഷൻ 676 ൽ ഉൾപ്പെടുത്തി സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ 'ഭരണ നിർവ്വഹണത്തിൽ വിവര സാങ്കേതിക വിദ്യയുടെ മികവ് പ്രയോജനപ്പെടുത്തുന്നതിനായി 2015-16 വാർഷിക പദ്ധതി മുതൽ പദ്ധതി നിർദ്ദേശങ്ങൾ ഓൺലൈനായി സംസ്ഥാന ആസൂത്രണ ബോർഡിൽ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുക' എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ 'പ്ലാൻ സ്പേസ്' വഴിയാണ് ടി പദ്ധതി നടപ്പാക്കിയത്. കൂടാതെ വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിനുള്ള ഓൺലൈൻ സംവിധാനമായ പ്ലാൻ സ്പേസ് കേരളത്തിലെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുക എന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച വിവരം അനുബന്ധം I ൽ ചേർത്തിരിക്കുന്നു, |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | ഇത് സംബന്ധിച്ച വിവരം അനുബന്ധം II ൽ ചേർത്തിരിക്കുന്നു. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | |

സെക്ഷൻ ഓഫീസർ.

അനുബന്ധം - I

## സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

1. വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിനുള്ള ഓൺലൈൻ സംവിധാനം (*Plan space*) കേരളത്തിലെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുക.

2. കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്ര പദ്ധതികളുടെയും നിർവ്വഹണം നിരീക്ഷിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

3. ഭരണ നിർവഹണത്തിൽ വിവര സാങ്കേതിക വിദ്യയുടെ മികവ് പ്രയോജനപ്പെടുത്തുന്നതിനായി 2015-16 വാർഷിക പദ്ധതി മുതൽ പദ്ധതി നിർദ്ദേശങ്ങൾ ഓൺലൈനായി സംസ്ഥാന ആസൂത്രണ ബോർഡിൽ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുക.

4. കേരള പരിപ്രേക്ഷ്യ പദ്ധതി – 2030 (Vision 2030) അംഗീകരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുക.

5. സർവ്വീസിൽനിന്നും വിരമിച്ച വിദഗ്ധരുടെ വൈദഗ്ധ്യം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്താൻ രൂപീകരിച്ച കൺസോർഷ്യത്തിന്റെ പ്രവർത്തനം ആരംഭിക്കുക.

6. കേരള ഇൻഫ്രാസ്ട്രക്ച്ചർ ബിൽ കൊണ്ട് വരുക. ഇതോടൊപ്പം കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിക്കുക.

7. ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിൽ നൂതന കണ്ടുപിടുത്തങ്ങൾ

സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട് മിഷൻ 676 ൽ ഏഴ് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഭരണ നിർവ്വഹണത്തിൽ വിവര സാങ്കേതിക വിദ്യയുടെ മികവ് പ്രയോജനപ്പെടുത്തുന്നതിനായി 2015-16 വാർഷിക പദ്ധതി മുതൽ പദ്ധതി നിർദ്ദേശങ്ങൾ ഓൺ ലൈനായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുക' എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ പ്ലാൻ സ്പേസ് വഴിയാണ് ടി പദ്ധതി നടപ്പാക്കിയത്.

'വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിനുള്ള ഓൺലൈൻ സംവിധാനം(Plan space) കേരളത്തിലെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുക' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരുന്നു.

"കേരള പരിപ്രേക്ഷ്യ പദ്ധതി 2030" ന് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഞ്ചവൽസര പദ്ധതിയുമായും വാർഷികപദ്ധതിയുമായും സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകളടങ്ങിയ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ബില്ലിന്റെ കരട് സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ അതിലെ വ്യവസ്ഥകളും ഇപ്പോൾ നിലവിലുള്ള 1999 ലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ബില്ലിലെ വ്യവസ്ഥകളും പരസ്പരം ഓവർലാപ് ചെയ്യുന്നതിനാൽ ടി ബില്ലിൻമേലുള്ള നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ആസൂത്രണബോർഡ് വൈസ്ചെയർമാന്റെ അദ്ധ്യക്ഷതയിൽ നിയമവകുപ്പ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി,ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുടെ യോഗം 03/.6/2015-ൽ ചേരുകയും, ഇത് സംബന്ധിച്ച വിശദ പരിശോധന നടത്തി ബില്ലിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിന് നിയമവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്ലാനിംഗ് ബോർഡ്, ധനകാര്യ വകുപ്പ് എന്നിവയുടെ ഓരോ പ്രതിനിധികളടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

"ചരിത്രപരമായ വീക്ഷണത്തോടെ കാർഷിക മേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ"എന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ കാലാവസ്ഥ, ഭൂമിയുടെ ഘടന, ഭൂവിനിയോഗം, വൈവിധ്യമാർന്ന മണ്ണുകൾ എന്നിവയെ അടിസ്ഥാനമാക്കി സംസ്ഥാനത്തൊട്ടാകെ കാർഷിക ജൈവവ്യവസ്ഥാ വിശകലനപഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ പ്രധാനമായും അഞ്ച് കാർഷിക ജൈവവ്യവസ്ഥാ മേഖലകളായും ഇരുപത്തിമൂന്ന് കാർഷിക ജൈവവ്യവസ്ഥാ യൂണിറ്റികളായും വിഭജിച്ചിട്ടുണ്ട്. കാർഷിക ജൈവവ്യവസ്ഥാ മേഖലയുമായി ബന്ധപ്പെട്ട് കർഷകരുടെ നൂതന

രീതികളെകുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ 14 കൃഷി വിജ്ഞാനകേന്ദ്രങ്ങളുമായി സഹകരിച്ച് ഒരു സംരംഭം സംസ്ഥാന ആസൂത്രണ ബോർഡ് ആവിഷ്കരിക്കുകയുണ്ടായി. ഈ പദ്ധതിയിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിൽ ലഭ്യമായ കർഷകരുടെ കണ്ടുപിടിത്തങ്ങൾ കൃഷി വിജ്ഞാനകേന്ദ്രങ്ങൾ വിശദമായ ചർച്ചകളും,അവലോകനങ്ങളും വിദഗ്ധരുമായി ചർച്ചകൾക്കും സെമിനാറുകൾക്കുശേഷം ഉരുത്തിരിഞ്ഞുവന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീകരിക്കുകയുണ്ടായി. ഇവയിൽ തിരഞ്ഞെടുത്തവ സംസ്ഥാന ശിൽപശാലയിൽ അവതരിപ്പിക്കുകയുണ്ടായി. പല കണ്ടുപിടിത്തങ്ങളും വർഷങ്ങളുടെ ശ്രമഫലമായി നടത്തിയതും കാർഷികമേഖലയ്ക്ക് വളരെ പ്രയോജനപ്പെടുന്നവയുമാണ്. ഈ പഠനത്തിന്റെ അടുത്ത ഘട്ടമായി വിവിധ കാലഘട്ടങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന കണ്ടുപിടിത്തങ്ങൾ ക്രോഡീകരിക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പ്രോജക്ടിന്റെ രണ്ടാം ഘട്ടമായി കൃഷിയിലെ നൂതനരീതികളുടെ ചരിത്രമാനങ്ങൾ, കൃഷിയുടെ ചരിത്രം, കാർഷികജൈവവ്യവസ്ഥാവികസനം എന്നിവ വിശദമാക്കുന്ന ഒരു രേഖ തയ്യാറാക്കുന്നതിനാണ് സംസ്ഥാന ആസൂത്രണബോർഡ് വിഭാവനം ചെയ്യുന്നത്. പദ്ധതി മാർച്ച് 2016-ൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

Anilkumar
5/0